Malappuram District Police

# 04/01/2018 മഞ്ചേരി

മഞ്ചേരിയിലും പരിസരങ്ങളിലും ലോട്ടറിയുടെ പേരിൽ ഒറ്റയക്ക നമ്പർ ചൂതാട്ടം നടത്തുന്ന ഏഴുപേരെ അറസ്റ്റ് ചെയ്തു. പുവ്വത്തിക്കൽ പുത്തൻമഠത്തിൽ മോഹൻദാസ്, പുവ്വത്തിക്കൽ ബിജീഷ്, വള്ളിക്കാപ്പറ്റ തട്ടാക്കുന്നത്ത് രവീന്ദ്രൻ, മങ്കട വെള്ളില രമേശൻ, മഞ്ചേരി മുള്ളമ്പാറ അത്തിമണ്ണിൽ ഫൈസൽ, മുള്ളമ്പാറ ചേലാതടത്തിൽ അനീഷ് ബാബു, കാട്ടുങ്ങൽ ചമ്മിനിയിൽ സുബ്രഹ്മണ്യൻ എന്നിവരാണ് പിടിയിലായത്. ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടു.

മഞ്ചേരിയിൽ ബൈപാസിന് സമീപം ബാറിനടുത്ത് ഷെഡ് കേന്ദ്രീകരിച്ച് ലോട്ടറി ബിസിനസ് നടത്തിയ ഒരാളെയും തൃക്കലങ്ങോട് കേന്ദ്രീകരിച്ച് ലോട്ടറി കച്ചവടം നടത്തിയ രണ്ട് കടകളും നിരീക്ഷിച്ചാണ് ഇവരെ പിടികൂടിയത്. കേരള ലോട്ടറിയുടെ സമ്മാനമടിക്കുന്ന നമ്പർ നിരീക്ഷിച്ചാണ് പ്രവർത്തനം. ലോട്ടറിക്കടകളിൽ ഒറ്റയക്ക ലോട്ടറി നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് പൊലീസ് ശേഖരിച്ചു. മലപ്പുറം ഡിവൈ.എസ്.പി ജലീൽ തോട്ടത്തിലിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മഞ്ചേരി സി.ഐ എൻ.ബി. ഷൈജു, എസ്.ഐ ഫക്രുദ്ദീൻ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ പി. സഞ്ജീവ്, സലിം എന്നിവരാണ് അന്വേഷണം നടത്തുന്നത്.